"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോവിഡ് 19 മഹാമാരിയുടെ വ്യാപനം കാരണം സമയബന്ധിതമായി കരാർ ലൈസൻസ് പുതുക്കുവാൻ സാധിക്കാതിരുന്ന കരാറുകാർക്ക് ആയത് പുതുക്കുന്നതിനുള്ള സമയപരിധിയിൽ ഒറ്റത്തവണ തീർപ്പാക്കൽ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1114/2021/പൊ.മ.വ   തീയതി,തിരുവനന്തപുരം, 16/12/2021

---

പരാമർശം:-

1. സ.ഉ(എം.എസ്) നം.22/2020/പൊ.മ.വ തീയതി 18.02.2020.
2. സ.ഉ(സാധാ) നം.510/2020/പൊ.മ.വ തീയതി 08.06.2020.
3. സ.ഉ(സാധാ) നം.634/2021/പൊ.മ.വ തീയതി 13.07.2021.
4. പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ 29.09.2021-ലെ സിഇ/ബിഎൽ/ജിഎൽ/എ1/83250/2021 നമ്പർ കത്ത്.
5. പൊതുമരാമത്ത് വകുപ്പ്, ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 02.11.2021-ലെ സിഇ/അഡ്മിൻ/പി.എൽ.എ/എച്ച്3/175/2021/10823 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പിൽ കരാറുകാരുടെ ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസ് പിഴ കൂടാതെ അടയ്ക്കുന്നതിനുള്ള സമയപരിധി ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് തൊട്ടു മുൻപുള്ള ഫെബ്രുവരി മാസം അവസാനം വരെയും, പിഴയോടു കൂടി കാലാവധി അവസാനിക്കുന്ന മാർച്ച് മാസം 31 വരെയുമാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. 31.03.2020-ന് ലൈസൻസ് കാലാവധി അവസാനിക്കുകയും എന്നാൽ യഥാസമയം ലൈസൻസ് പുതുക്കുവാൻ കഴിയാതിരുന്ന കരാറുകാർക്ക്  ടി ലൈസൻസ് പുതുക്കുന്നതിനുള്ള സമയ പരിധി, കോവിഡ് 19 മഹാമാരിയുടെ വ്യാപനം മൂലമുണ്ടായ പ്രശ്നങ്ങൾ കണക്കിലെടുത്ത് പരാമർശം (2) പ്രകാരം 30.06.2020 വരെ നീട്ടി നൽകിയിരുന്നു. അതുപോലെ 31.03.2021-ന് ലൈസൻസ് കാലാവധി അവസാനിക്കുകയും എന്നാൽ യഥാസമയം ലൈസൻസ് പുതുക്കുവാൻ കഴിയാതിരുന്ന കരാറുകാർക്ക്  ടി ലൈസൻസ് പുതുക്കുന്നതിനുള്ള സമയ പരിധി, കോവിഡ് 19 മഹാമാരിയുടെ വ്യാപനം മൂലമുണ്ടായ പ്രശ്നങ്ങൾ കണക്കിലെടുത്ത് പരാമർശം (3) പ്രകാരം 30.09.2021 വരെയും  നീട്ടി നൽകിയിരുന്നു.

3. എന്നാൽ  31.03.2020, 31.03.2021 തീയതികളിൽ കരാർ ലൈസൻസിന്റെ കാലാവധി അവസാനിച്ച ചില കരാറുകാർക്ക് കോവിഡ് 19 മഹാമാരിയുടെ വ്യാപനം കാരണം പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം നീട്ടി  നൽകിയ സമയപരിധിക്കുള്ളിലും  ലൈസൻസ് പുതുക്കുവാൻ സാധിച്ചിട്ടില്ലയെന്നും ആയതിനാൽ അത്തരം കരാറുകാർക്ക് ലൈസൻസ് പുതുക്കുന്നതിനുള്ള സമയപരിധിയിൽ ഒറ്റത്തവണ തീർപ്പാക്കൽ എന്ന നിലയിൽ സമയ പരിധി ദീർഘിപ്പിച്ച് നല്കാവുന്നതാണെന്നും പരാമർശം (4), (5) പ്രകാരം യഥാക്രമം പൊതുമരാമത്ത് വകുപ്പ്, കെട്ടിട

വിഭാഗം ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ ശിപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-ൽ പ്രതിപാദിക്കുന്ന കരാറുകാർക്ക് (31.03.2020, 31.03.2021 തീയതികളിൽ കരാർ ലൈസൻസിന്റെ കാലാവധി അവസാനിച്ചതും എന്നാൽ പുതുക്കുവാൻ കഴിയാതിരുന്നതുമായവർ) അവരുടെ ലൈസൻസ് പുതുക്കുന്നതിനുള്ള സമയ പരിധി ഒറ്റത്തവണ തീർപ്പാക്കൽ എന്ന നിലവിൽ ചുവടെ ചേർക്കുന്ന പിഴയോട്ടു കൂടി 2022, ജനുവരി 30 വരെ ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു. നിലവിൽ കരാറുകാരുടെ ലൈസൻസ് പുതുക്കുന്നതിനും, പിഴ ഒടുക്കുന്നതിനും ലഭ്യമായിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ട് തന്നെ ഇതിനായി ഉപയോഗിക്കാവുന്നതാണെന്നും നിഷ്കർഷിക്കുന്നു.

സിവിൽ കരാറുകാരുടെ പിഴ - ₹2,760/-(രണ്ടായിരത്തി ഏഴുന്നൂറ്റി അറുപത് രൂപ മാത്രം)

ഇലക്ട്രിക്കൽ കരാറുകാരുടെ പിഴ -₹1,655/-(ആയിരത്തി അറുന്നൂറ്റി അൻപത്തി അഞ്ച് രൂപ മാത്രം)

ഇലക്ട്രോണിക്സ് കരാറുകാരുടെ പിഴ -₹2,205/-(രണ്ടായിരത്തി ഇരുന്നൂറ്റി അഞ്ച് രൂപ മാത്രം)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആനന്ദ് സിംഗ്

സെക്രട്ടറി

പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയർമാർക്കും.

പൊതുമരാമത്ത് വകുപ്പിലെ എല്ലാ സൂപ്രണ്ടിങ്ങ് /എക്സിക്യൂട്ടീവ്/അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (ചീഫ് എഞ്ചിനീയർമാർ മുഖേന)

എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.റ്റി സെൽ, പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (14.12.2021-ലെ ഐ&പി.ഡബ്ല്യൂ-ബി2/248/2021-ഫിൻ (1941962) നമ്പർ പ്രകാരം)

തദ്ദേശ സ്വയംഭരണ വകുപ്പ്

ജലവിഭവ വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി/വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

Signed by Archana.b.p
Date: 17-12-2021 13:56:08
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.